**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5748** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ വ്യാവസായികമായ പൊതുതാൽപ്പര്യം മുൻനിർത്തി പാലക്കാടുള്ള യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനെ തുടർന്ന് കമ്പനിയുടെ 31/03/2017 പ്രകാരമുള്ള ആസ്തിബാധ്യതകൾ നിജപ്പെടുത്തി 53.02 കോടിരൂപയ്ക്ക് ഇൻട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്ത് ആണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ആ സ്ഥലത്തിന്റെ വില കൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂ എന്ന കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കാരണം കൈമാറ്റ നടപടികൾ വൈകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത് . കമ്പനി സ്ഥാപിക്കുന്നതിന് കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ വസ്തുവിന്റെ വില, Net Asset Value കണക്കാക്കുമ്പോൾ ഒഴിവാക്കപ്പെടേണ്ടത് ആണെന്നും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ,ചീഫ് സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും കത്തുകളിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇ വിഷയത്തിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനത്തിനുവേണ്ടി സംസ്ഥാനം സൗജന്യമായി കൈമാറിയ ഭൂമിക്ക് നിലവിൽ കേന്ദ്രം വില ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് | (ബി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കുവാൻ കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ? | | തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ വ്യാവസായികമായ പൊതുതാൽപ്പര്യം മുൻനിർത്തി പാലക്കാടുള്ള യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനെ തുടർന്ന് കമ്പനിയുടെ 31/03/2017 പ്രകാരമുള്ള ആസ്തിബാധ്യതകൾ നിജപ്പെടുത്തി 53.02 കോടിരൂപയ്ക്ക് ഇൻട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്ത് ആണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ആ സ്ഥലത്തിന്റെ വില കൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂ എന്ന കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കാരണം കൈമാറ്റ നടപടികൾ വൈകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത് . കമ്പനി സ്ഥാപിക്കുന്നതിന് കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ വസ്തുവിന്റെ വില, Net Asset Value കണക്കാക്കുമ്പോൾ ഒഴിവാക്കപ്പെടേണ്ടത് ആണെന്നും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ,ചീഫ് സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും കത്തുകളിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇ വിഷയത്തിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ